# സ്വിസ് കേരളാ വിമെൻസ് ഫോറം  വനിതാദിനാഘോഷം നടത്തി

ബാസൽ:    അന്താരാഷ്ട്ര വനിതാദിനം പ്രമാണിച്ച് സ്വിസ്സ് കേരളാ വിമെൻസ് ഫോറം ബാസൽ സെന്റ് ആന്റണി പാരിഷ് ഹാളിൽ യോഗം ചേരുകയും സമുചിതമായി ആഘോഷിക്കുകയും ചെയ്തു.

കിഡ്നി ഫൗണ്ടേഷൻ ചെയർമാനും സ്ഥാപകനുമായ ഫാദർ ഡേവിസ് ചിറമേൽ മുഖ്യ പ്രഭാഷണം നടത്തുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.  കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾക്കുള്ള ഉന്നതമായ സ്ഥാനത്തെപ്പറ്റി അച്ചൻ ബൈബിളിന്റെ പശ്ചാത്തലത്തിൽ വിശദീകരിച്ചു.  സമാനമായി ചിന്തിക്കുന്ന ഒരു പറ്റം വനിതകൾ ഒരുമിച്ച് പ്രവർത്തിക്കുവാൻ തയ്യാറായതിൽ എല്ലാവരെയും അച്ചൻ അഭിനന്ദിച്ചു.

ആധുനിക കാലഘട്ടത്തിൽ വിവിധ സംഘടനകളിലൂടെ പുരുഷന്മാർ ആധിപത്യം പുലർത്തി മുന്നേറുമ്പോൾ സ്ത്രീകളുടെ കൂട്ടായ്മക്കും വലിയ പ്രസക്തി ഉണ്ടെന്ന് പ്രസിഡണ്ട് സൂസൻ പുതുള്ളിൽ തന്റെ സ്വാഗതപ്രസംഗത്തിൽ പരാമർശിച്ചു.  ചർച്ചക്ലാസുകൾ വിനോദയാത്ര കുടുംബങ്ങളുടെ ഒത്തുചേരൽ എന്നിങ്ങനെ സംഘടന നടത്തുന്ന പരിപാടികളിൽ വളരെ സന്തോഷത്തോടെയാണ് ഓരോരുത്തരും പങ്കെടുക്കുന്നത്.  അനുദിന ജീവിതത്തിന്റെ എല്ലാ തിരക്കുകളിൽ നിന്നും മാറി അംഗങ്ങൾ ഒത്തുചേരുമ്പോൾ സന്തോഷവും നവോന്മേഷവുമാണ് എല്ലാവർക്കും ലഭിക്കുന്നതെന്ന് നന്ദിപ്രസംഗത്തിൽ സെക്രട്ടറി ലീന കുളങ്ങര സൂചിപ്പിച്ചു.

സംഘടനാംഗങ്ങൾ തങ്ങളുടെ വരുമാനത്തിൽ നിന്നും ഒരു പങ്ക് കിഡ്നി ഫൗണ്ടേഷൻ നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്കായി യോഗത്തിൽ വച്ച് ചിറമ്മേലച്ചന് കൈമാറി.

രണ്ട് വർഷത്തെ ഹോസ്പിറ്റൽ സെക്രട്ടറി കോഴ്സ് പഠനം വിജയകരമായി പൂർത്തിയാക്കിയ ടോൾജി കിഴക്കേവീട്ടിലിനെ യോഗം അഭിനന്ദിച്ചു.  അംഗങ്ങൾ തയ്യാറാക്കി കൊണ്ടുവന്ന വിഭവ സമൃദ്ധമായ വിരുന്നോടെയാണ് ആഘോഷപരിപാടികൾ സമാപിച്ചത്.

ഭാരവാഹികളായ സൂസൻ പുതുള്ളിൽ, ലീനാ കുളങ്ങര,  ലീമ വള്ളാടിയിൽ, ലിസി കാവുങ്കൽ, ആനി മരിയ സിറിയക്,  ടോൾജി കിഴക്കേവീട്ടിൽ,  ദിപ മാത്യു, ജെസ്സി പെരേപ്പാടൻ, അനു  ലിപിൻ,  ജെയിൻ പാരണികുളങ്ങര എന്നിവരാണ് സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നത്.